**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6012** **09-11-2021 - ൽ മറുപടിയ്ക്ക്**

**പിന്നാക്കവിഭാഗ വിദ്യാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിൽ ഉപരിപഠനത്തിന് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിൽ ഉപരിപഠനം നടത്തുന്നതിന് ധനസഹായം നൽകിവരുന്നുണ്ടോ; വിശദമാക്കാമോ; | (എ) | വിദേശ സർവ്വകലാശാലകളിൽ മെഡിസിൻ, അഗ്രികൾച്ചർ, സയൻസ്, പ്യൂവർ സയൻസ് മാനേജ്മെന്റ്, എഞ്ചിനീയറിംഗ്, നിയമം, സോഷ്യൽ സയൻസ് മേഖലകളിൽ ബിരുദാനന്തര ബിരുദവും, PhD -യും ചെയ്യുന്ന പിന്നാക്ക വിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് 6 ലക്ഷം രൂപ വാർഷിക വരുമാന പരിധിയ്ക്ക് വിധേയമായി പരമാവധി 10 ലക്ഷം രൂപ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന സ്കോളർഷിപ്പ് അനുവദിക്കുന്നു. |
| (ബി) | എങ്കിൽ ഓരോ വർഷവും എത്ര വിദ്യാർത്ഥികൾക്കാണ് ധനസഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഓരോ വർഷവും ധനസഹായം അനുവദിച്ച വിദ്യാർത്ഥികളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു. |
| (സി) | പരമാവധി അപേക്ഷകർക്ക് പ്രസ്തുത ധനസഹായം അനുവദിച്ച് നൽകുന്നതിനും ഇത്തരത്തിൽ പഠിച്ചുവരുന്നവരുടെ സേവനം സംസ്ഥാനത്തിന് തിരികെ ലഭിയ്ക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | പരമാവധി അപേക്ഷകർക്ക് പ്രസ്തുത ധനസഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്. വിദേശ പഠനത്തിന് സഹായം അനുവദിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ യോഗ്യതയ്ക്ക് അനുസരിച്ചുള്ള ഉദ്യോഗം സംസ്ഥാനത്ത് നൽകുന്നതിന് സാധിക്കാത്ത സാഹചര്യത്തിൽ അവരുടെ സേവനം ഉറപ്പ് വരുത്തുക പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ഓവർസീസ് സ്കോളർഷിപ്പ് (മുൻ വർഷ ഗുണഭോക്താക്കൾ) | | |
|---|---|---|
| ക്രമ നമ്പർ | അക്കാദമിക വർഷം | ഗുണഭോക്താക്കളുടെ എണ്ണം |
| 1) | 2013-14 | 8 |
| 2) | 2014-15 | 3 |
| 3) | 2015-16 | 13 |
| 4) | 2016-17 | 13 |
| 5) | 2017-18 | 16 |
| 6) | 2018-19 | 15 |
| 7) | 2018-19 (2nd) | 13 |
| 8) | 2019-20 | 11 |
| ആകെ എണ്ണം | | 92 |